# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.817** | **30/06/2015-ൽ മറുപടിക്ക്**

## ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ
ശ്രീ.പി.എ.മാധവൻ
ശ്രീ.വർക്കല കഹാർ
ശ്രീ.വി.റ്റി.ബൽറാം

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജനറിക് \ മരുന്നുകളുടെ സൗജന്യ വിതരണം എന്ന് മുതൽ ആരംഭിച്ചുവെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ; | (എ) | മന്ത്രിസഭയുടെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് 01.11.2012-നാണ് ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം ആരംഭിച്ചത്. ഈ പദ്ധതി ആദ്യം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജിലുമാണ് ആരംഭിച്ചത്. ഇപ്പോൾ എല്ലാ സർക്കാർ ആശുപത്രികളിലും ഈ പദ്ധതി വഴി സൗജന്യമായി ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുതപദ്ധതിക്കായി വർഷം തോറും എന്ത് തുക ചെലവാകുമെന്ന് അറിയിക്കാമോ ; | (ബി) | ശരാശരി 300 കോടി രൂപ ചെലവാകും. |
| (സി) | ജനറിക് മരുന്നുകളുടെ വിതരണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | നിലവിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ഡി) | ജനറിക് മരുന്നുകളുടെ സൗജന്യ വിതരണസംവിധാനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ? | (ഡി) | ജനറിക് മരുന്നുകളുടെ സൗജന്യ വിതരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതും ആക്കി തീർക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ മരുന്ന് പട്ടിക പുനപരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, ഗവ. ഫാർമസി കോളേജ് വിഭാഗം മേധാവി തുടങ്ങിയവർ ഉൾപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്തുകയും അതനുസരിച്ചുള്ള ഇൻഡന്റ് ലഭ്യമായ ഉടൻ ഇ-ടെണ്ടറായി ക്ഷണിക്കുകയും ചെയ്തു. ഇതിലൂടെ ടെണ്ടർ നടപടികൾ കുറ്റമറ്റതും, സുതാര്യത ഉറപ്പുവരുത്തുന്നതും ആക്കുവാൻ കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. പ്രസ്തുത മരുന്നുകൾക്കുള്ള പർച്ചേസ് ഓർഡറുകൾ ആവശ്യകതയുടെയും ഉപഭോഗത്തിന്റെയും ഇൻഡന്റിന്റെയും അടിസ്ഥാനത്തിൽ നൽകുകയും, അതനുസരിച്ച് |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന മരുന്നുകൾ ആവശ്യാനുസരണം ആശുപത്രികൾക്ക് വിതരണം ചെയ്തു വരുന്നു. ആദ്യം കാലാവധി കഴിയുന്ന മരുന്നുകൾ ആദ്യം വിതരണം നടത്തുന്ന രീതിയാണ് (FEFO - First Expiry First Out method) കോർപ്പറേഷൻ സ്വീകരിച്ചുവരുന്നത്. ഇതിലൂടെ മരുന്നുകൾ കാലാവധി കഴിഞ്ഞ് നശിക്കുന്നത് പരമാവധി കുറയ്ക്കുവാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ